## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2873** **18.06.2019 ൽ മറുപടിക്ക്**

### മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;<br><br>(ബി) ബൈപ്പാസുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;<br><br>(സി) ബൈപ്പാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (എ)<br>&<br>(ബി)<br>&<br>(സി) | അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിനു സമീപം വരുന്ന റയിൽവേ ക്രോസിംഗ് ഭാഗത്തെ അലൈൻമെന്റ് മാർക്ക് ചെയ്തിട്ടുണ്ട്. തുടർന്ന് ROB നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പി & ഇ ചാർജ് അടവാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ സർവ്വേ ആരംഭഘട്ടത്തിലാണ്. റവന്യൂ വകുപ്പിൽ നിന്ന് അലൈൻമെന്റിലുള്ള സ്ഥലത്തിന് ഓരോ ഉടമസ്ഥനും നൽകേണ്ട തുക കണക്കാക്കി അറിയിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ROB യുടെ റെയിൽവേയുടെ മുകളിലുള്ള ഭാഗത്തിന്റെ പണികൾ റയിൽവേ നേരിട്ട് ചെയ്യേണ്ടതാണ്. റെയിൽവേ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം മാത്രമേ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ